"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ അജാനൂർ വില്ലേജിൽ സർവെ നമ്പർ 455/1എ2എ (റീസർവെ 248/11) ൽ ലക്ഷം വീട് പദ്ധതി പ്രകാരം പരേതനായ സി.എച്ച്.കൃഷ്ണൻ എന്ന കക്ഷിക്ക് പതിച്ച് നൽകിയ 0.04 ഏക്കർ ഭൂമി വില്പന നടത്തുന്നതിന് ടിയാന്റെ അനന്തരാവകാശികളായ ശ്രീ. പവിത്രൻ, ശ്രീ. കരുണാകരൻ കെ., ശ്രീമതി. ഭവാനി കെ., ശ്രീമതി. ലത കെ. എന്നിവർക്ക് മുൻകൂർ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.1326/2025/RD തീയതി,തിരുവനന്തപുരം, 03-06-2025

---

പരാമർശം:-

1. 18/07/1988-ലെ സ.ഉ(എം.എസ്) 592/1988/റവ.
2. 30.06.2015 ലെ സ.ഉ.(കൈ)289/2015/റവ.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13/11/2022-ലെ LR/11741/2022-LRJ10 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അജാനൂർ ഗ്രാമപഞ്ചായത്തിൽ പുതിയകണ്ടം എന്ന സ്ഥലത്ത് പരേതനായ സി.എച്ച്.കൃഷ്ണൻ എന്ന കക്ഷിക്ക് 1989-ൽ ലക്ഷംവീട് പദ്ധതി പ്രകാരം പതിച്ച് നൽകിയ 4 സെന്റ് ഭൂമി വില്പന നടത്തുന്നതിന് ടിയാന്റെ അനന്തരാവകാശികൾക്ക് അനുമതി നല്കുന്ന വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

2) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ അജാനൂർ ഗ്രാമപഞ്ചായത്തിൽ പുതിയകണ്ടം എന്ന സ്ഥലത്ത് പരേതനായ സി.എച്ച്.കൃഷ്ണൻ എന്ന കക്ഷിക്ക് 1989-ൽ ലക്ഷംവീട് പദ്ധതി പ്രകാരം പതിച്ച് നൽകിയ 4 സെന്റ് ഭൂമി വില്പന നടത്തുന്നതിന് ടിയാന്റെ അനന്തരാവകാശികളായ ശ്രീ. പവിത്രൻ, ശ്രീ. കരുണാകരൻ കെ., ശ്രീമതി. ഭവാനി കെ., ശ്രീമതി. ലത കെ. എന്നിവർ ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും OLH പദ്ധതി പ്രകാരം അനുവദിച്ച ഭൂമി വില്പനയ്ക്ക് അനുവാദം നൽകാൻ നിർവാഹമില്ലായെന്ന് ജില്ലാ കലക്ടർ മറുപടി നൽകുകയും ചെയ്തിരുന്നു. അപേക്ഷാ കക്ഷികൾ ഭൂമി വില്പനയ്ക്കായി വീണ്ടും സമർപ്പിച്ച അപേക്ഷയിന്മേൽ കക്ഷികളുടെ വാദം നേരിൽ കേട്ടിരുന്നതായും പരേതനായ പിതാവിന്റെ പേരിൽ ലക്ഷംവീട് പദ്ധതി പ്രകാരം ലഭിച്ച 4 സെന്റ് ഭൂമി വില്പന നടത്തുന്നതിനായി അനുവാദം നൽകണമെന്നും ഹർജിക്കാരിൽ ഒരാളായ ശ്രീമതി. ഭവാനി കെ.യുടെ ചികിത്സയ്ക്കായി വലിയ തുക കണ്ടെത്തേണ്ടതുണ്ടെന്നും ആയതിന്റെ ആവശ്യത്തിലേക്കാണ് ഭൂമി വില്പനയുടെ അനുമതി ആവശ്യപ്പെട്ടതെന്നും കക്ഷികൾ ബോധിപ്പിച്ചിരുന്നതായും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പരേതനായ സി.എച്ച് കൃഷ്ണൻ എന്നവരുടെ അനന്തരാവകാശികൾ വില്പന

നടത്തുന്നതിനായി ആവശ്യപ്പെട്ടത് അജാനൂർ വില്ലേജിൽ സർവെ നമ്പർ 455/1എ2എ (റീസർവെ 248/11) ൽ OLH പദ്ധതി പ്രകാരം സി.എച്ച്. കൃഷ്ണൻ എന്നിവർക്ക് പതിച്ച് നൽകിയ 0.04 ഏക്കർ ഭൂമിയാണെന്നും ടി ഭൂമി അജാനൂർ ഗ്രാമപഞ്ചായത്ത് സ്വകാര്യഭൂമി വിലയ്ക്ക് വാങ്ങി പഞ്ചായത്ത് അധീനതയിൽ വരുത്തി OLH പദ്ധതി പ്രകാരം പട്ടയം അനുവദിച്ച ഭൂമിയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലക്ഷംവീട് പദ്ധതിപ്രകാരം അനുവദിച്ച ഭൂമി കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൽ ലക്ഷംവീട് പദ്ധതിപ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ഭൂമി കൈമാറി കിട്ടിയ നിലവിലെ കൈവശക്കാർ അർഹരും സാമ്പത്തികമായി ദുർബലവിഭാഗത്തിൽപ്പെട്ടവരുമാണെങ്കിൽ പട്ടയം നൽകുന്നതിനുള്ള നടപടി തഹസിൽദാർമാർ സ്വീകരിക്കേണ്ടതാണെന്നും കൂടാതെ ചികിത്സ, മക്കളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കായി സാമ്പത്തിക പരാധീനത മൂലം ഒഴിവാക്കാനാവാത്ത സാഹചര്യത്തിലാണ് ഭൂമി കൈമാറ്റം നടത്തിയതെങ്കിൽ അവ അംഗീകരിച്ച് പോക്കുവരവ് അനുവദിക്കാവുന്നതാണെന്നും അനധികൃത കൈമാറ്റം തടയുന്നതിന് 25 വർഷം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന ഭൂമി ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമായിരിക്കണം പുതിയ പട്ടയങ്ങൾ നൽകേണ്ടതെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഭൂമി കൈമാറ്റം നടത്തുന്നതിനുള്ള മുൻകൂർ അനുവാദം നൽകുന്നത് സംബന്ധിച്ച് പ്രസ്തുത സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഭൂമി കൈമാറ്റം നടത്തുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നത്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരേതനായ സി.എച്ച്.കൃഷ്ണൻ എന്നവർക്ക് 1989ൽ ഹോസ്ദുർഗ് താലൂക്കിൽ അജാനൂർ ഗ്രാമപഞ്ചായത്തിൽ പുതിയകണ്ടം എന്ന സ്ഥലത്ത് ലക്ഷംവീട് പദ്ധതി പ്രകാരം 4 സെന്റ് ഭൂമി പതിച്ച് നൽകിയതായും ടി ഭൂമി അജാനൂർ ഗ്രാമപഞ്ചായത്ത് സ്വകാര്യഭൂമി വിലയ്ക്ക് വാങ്ങി പഞ്ചായത്ത് അധീനതയിൽ വരുത്തി OLH പദ്ധതി പ്രകാരം പട്ടയം അനുവദിച്ച ഭൂമിയാണ് എന്നും കാണുന്നു. 1989 ൽ ലക്ഷം വീട് പദ്ധതി പ്രകാരം പതിച്ച് നല്കുമ്പോൾ പരാമർശം (1) ഉത്തരവാണ് പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. ടി ഉത്തരവ് പ്രകാരം, ലക്ഷംവീട് നിവാസികൾക്ക് കൈവശമുള്ള ഭൂമിയിന്മേൽ സ്ഥിരാവകാശം നല്കുന്നതിന് തീരുമാനിച്ചിരുന്നതും കേരള ഭൂമിപതിവ് നിയമപ്രകാരം പതിച്ച് നല്കണമെന്നും ഇപ്രകാരം പതിച്ച് നല്കുന്ന ഭൂമി കൈമാറ്റം ചെയ്യുന്നതിൽ നിയന്ത്രണം ഉണ്ടായിരിക്കുന്നതല്ലായെന്നും വ്യക്തമായി വ്യവസ്ഥ ചെയ്തിരുന്നതുമാണ്. ലക്ഷംവീട് പദ്ധതിപ്രകാരം ഭൂമി ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും ഭൂമി കൈമാറി കിട്ടിയ നിലവിലെ കൈവശക്കാർ അർഹരും സാമ്പത്തികമായി ദുർബലവിഭാഗത്തിൽപ്പെട്ടവരുമാണെങ്കിൽ പട്ടയം നൽകുന്നതിനുള്ള നടപടി തഹസിൽദാർമാർ സ്വീകരിക്കേണ്ടതാണെന്നും കൂടാതെ ചികിത്സ, മക്കളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കായി സാമ്പത്തിക പരാധീനത മൂലം ഒഴിവാക്കാനാവാത്ത സാഹചര്യത്തിലാണ് ഭൂമി കൈമാറ്റം നടത്തിയതെങ്കിൽ അവ അംഗീകരിച്ച് പോക്കുവരവ് അനുവദിക്കാവുന്നതാണെന്നും അനധികൃത കൈമാറ്റം തടയുന്നതിന് 25 വർഷം കൈമാറ്റം ചെയ്യാൻ പാടില്ല എന്ന ഭൂമി ചട്ടങ്ങളിലെ വ്യവസ്ഥ പ്രകാരമായിരിക്കണം പുതിയ പട്ടയങ്ങൾ നൽകേണ്ടതെന്നും മാർഗ നിർദേശം നല്കിക്കൊണ്ട് പുറപ്പെടുവിച്ചതാണ് പരാമർശം (2) ഉത്തരവ്.

4. മേൽ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽ അജാനൂർ വില്ലേജിൽ സർവെ നമ്പർ 455/1എ2എ (റീസർവെ 248/11) ൽ ലക്ഷം വീട് പദ്ധതി പ്രകാരം പരേതനായ സി.എച്ച്.കൃഷ്ണൻ

എന്നവർക്ക് പതിച്ച് നൽകിയ 0.04 ഏക്കർ ഭൂമി വില്പന നടത്തുന്നതിന് ടിയാന്റെ അനന്തരാവകാശികളായ ശ്രീ. പവിത്രൻ, ശ്രീ. കരുണാകരൻ കെ., ശ്രീമതി. ഭവാനി കെ., ശ്രീമതി. ലത കെ. എന്നിവർക്ക് മുൻകൂർ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
തഹസിൽദാർ, ഹോസ്ദുർഗ്ഗ് താലൂക്ക്.
ശ്രീ. പവിത്രൻ/ ശ്രീ. കരുണാകരൻ കെ./ ശ്രീമതി. ഭവാനി കെ./ ശ്രീമതി. ലത കെ.(ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 03-06-2025 15:51:37

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്